**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 735** **29.05.2019-ൽ മറുപടിക്ക്**

## വിനോദസഞ്ചാരകേന്ദ്രങ്ങൾ ഭിന്നശേഷിസൗഹൃദമാക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി. സതീശൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയാണ് "ബാരിയർ ഫ്രീ കേരള ടൂറിസം". 2021-ൽ കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ പൂർണ്ണമായും ഭിന്നശേഷി സൗഹൃദമാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിന്റെ ഒന്നാംഘട്ടത്തിനായി 9 കോടി രൂപയുടെ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ 120 ടൂറിസം ഡെസ്റ്റിനേഷനുകളിൽ ഈ പദ്ധതി പ്രാവർത്തികമാക്കാനാണ് ടൂറിസം വകുപ്പ് വിഭാവനം ചെയ്തിട്ടുള്ളത്. കൈവരിയുള്ള റാമ്പ്, ബ്രെയിൽ ലിപിയിലുള്ള ദിശാ സൂചകം, ഭിന്നശേഷി സൗഹൃദ ടോയ് ലറ്റ്, വീൽചെയർ, വാക്കിംഗ് സ്റ്റിക്ക്, ക്രച്ചസുകൾ എന്നിവ ലഭ്യമാക്കുക, ശ്രവണ വഴികാട്ടി, തെരഞ്ഞെടുക്കപ്പെട്ട അഞ്ച് ഗസ്റ്റ് ഹൗസുകൾ/ യാത്രി നിവാസുകൾ എന്നിവയിൽ ലിഫ്റ്റുകൾ ലഭ്യമാക്കുക എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ. ഈ പദ്ധതിയിൽ ഉൾപ്പെട്ട 120 ടൂറിസം |

ഡെസ്റ്റിനേഷനുകളിൽ 69 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ഇവയിൽ 175 റാമ്പുകൾ, 62 ടോയ് ലറ്റുകൾ, 115 വാക്കിംഗ് സ്റ്റിക്കുകൾ, 106 വീൽ ചെയറുകൾ, 807 സൈനേജുകൾ, 108 ക്രച്ചസുകൾ എന്നിവ ഇതിനകം സജ്ജമാക്കി കഴിഞ്ഞു.

ബി) ഭിന്നശേഷിക്കാർക്ക് മാത്രമായി ഉത്തരവാദിത്ത ടൂറിസം മിഷന്റെ ആഭിമുഖ്യത്തിൽ ടൂർ പാക്കേജുകൾ ആരംഭിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

ബി) ഭിന്നശേഷി സൗഹൃദ ടൂറിസം പ്രോൽസാഹിപ്പിക്കുക എന്നുളളത് ഉത്തരവാദിത്ത ടൂറിസത്തിന്റെ ഒരു പ്രധാന ആശയമാണ്. അതിന്റെ ഭാഗമായി ഭിന്നശേഷി സൗഹൃദ ടൂറിസം പാക്കേജുകൾ ഉത്തരവാദിത്ത ടൂറിസം മിഷൻ ആവിഷ്കരിച്ചിട്ടുണ്ട്. ഭിന്നശേഷി സൗഹൃദ ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഹെൽപ്പിംഗ് ഹാൻഡ്സ് ഓർഗനൈസേഷൻ എന്ന എൻ ജി ഒ യുമായി ചേർന്ന് കോവളത്ത് ഇന്റർനാഷണൽ ബാരിയർ ഫ്രീ കൈറ്റ് ഫെസ്റ്റ് നടത്തുകയുണ്ടായി.

സി) ഉത്തരവാദിത്ത ടൂറിസം ആരംഭിച്ചശേഷം ടൂറിസം രംഗത്ത് ഉണ്ടായിട്ടുളള മാറ്റം എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സി) വിനോദസഞ്ചാര രംഗത്തെ സുസ്ഥിര വികസനത്തിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുകയും പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനായി 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ (ആർ.ടി. മിഷൻ) രൂപീകരിച്ചു. സാമ്പത്തികം, സാമൂഹികം, പാരിസ്ഥിതികം എന്നീ ഉത്തരവാദിത്തങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് ടൂറിസം മേഖലയുടെ ഉത്തരവാദിത്തപൂർണമായ വളർച്ച ഉറപ്പാക്കുന്നതിനായി മിഷൻ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. പ്രാദേശിക ജനസമൂഹത്തെ പ്രത്യക്ഷമായോ പരോക്ഷമായോ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനാവശ്യമായ വിവിധ തൊഴിൽ പരിശീലനങ്ങളും അവബോധ ശിൽപ്പശാലകളും സംഘടിപ്പിക്കുകയും അവരെ ആർ.ടി മിഷൻ യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് ടൂറിസം മേഖലയുമായി

ബന്ധിപ്പിക്കുക എന്നുള്ളത് ആർ.ടി. മിഷന്റെ പ്രധാന ദൗത്യമാണ്. നിലവിൽ ടൂറിസം മേഖലയിൽ 15000 ത്തിൽ പ്പരം രജിസ്റ്റേർഡ് ആർ.ടി. മിഷൻ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഇതിന്റെ ഭാഗമായി ഒരു ലക്ഷത്തോളം ആൾക്കാർക്ക് ടൂറിസം മേഖലയിൽ തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

ഉത്തരവാദിത്ത ടൂറിസം മിഷന്റെ വില്ലേജ് ലൈഫ് എക്സ്പീരിയൻഷ്യൽ പാക്കേജുകൾ, കൾച്ചറൽ പാക്കേജുകൾ, ഫെസ്റ്റിവൽ പാക്കേജുകൾ, തുടങ്ങിയ വിവിധ എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകളിലൂടെ തദ്ദേശീയരായ ജനസമൂഹത്തിന് മുടക്കമില്ലാതെ തങ്ങളുടെ പരമ്പരാഗത തൊഴിലുകൾ ചെയ്യുന്നതിനും അധിക മുതൽമുടക്കില്ലാതെ കൂടുതൽ വരുമാനം ഉറപ്പുവരുത്തുന്നതിനും സാധിക്കുന്നു. ടൂറിസം വ്യവസായത്തിനാവശ്യമായ വിവിധ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം തദ്ദേശീയർക്കു നൽകുകയും യൂണിറ്റുകളായി രജിസ്റ്റർ ചെയ്തു പ്രസ്തുത യൂണിറ്റുകളെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ചു വരുമാന ലഭ്യത ഉറപ്പു വരുത്തുകയും ചെയ്യുന്നു. പ്രാദേശിക കലാപ്രവർത്തകരെ ആർ.ടി. മിഷൻ യൂണിറ്റുകളായി രജിസ്റ്റർ ചെയ്തു ഹോട്ടലുകളിലും റിസോർട്ടുകളിലും നേരിട്ട് പ്രോഗ്രാം ചെയ്യുന്നതിനും, ടൂറിസ്റ്റുകൾക്ക് നേരിട്ട് പ്രോഗ്രാം ബുക്ക് ചെയ്യുന്നതിനുമായി ആർ.ടി ആർട്ട് ആന്റ് കൾച്ചറൽ ഫോറം, ടൂറിസം മേഖലയിൽ തദ്ദേശീയരായ ആളുകൾക്ക് ജോലി സാധ്യത ഉറപ്പു വരുത്തുന്നതിനായി ആർ.ടി ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി എന്നീ ഓൺലൈൻ നെറ്റ് വർക്കുകൾ ആർ.ടി മിഷൻ തയ്യാറാക്കിയിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന പ്രോജക്ടുകളിൽ ഒന്നായ "പെപ്പർ" (People's Participation for Participatory Planning and Empowerment through Responsible Tourism) പദ്ധതിയിലൂടെ പുതിയ

ഉത്തരവാദിത്ത ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടത്തി വരുന്നു.

നിലവിലെ സർക്കാർ നയമനുസരിച്ച് നിലവിലുള്ള ടൂറിസം കേന്ദ്രങ്ങളിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ന്യൂ ആർ ടി ഡെസ്റ്റിനേഷൻസ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. അതിന്റെ ഭാഗമായി അവബോധ ശിൽപ്പശാലകൾ, പരിശീലന പരിപാടികൾ എന്നിങ്ങനെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ പദ്ധതികളിലൂടെ കേരളത്തിലെ ടൂറിസം പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാകുകയും തദ്ദേശീയരായ സാധാരണക്കാർക്ക് കൂടി ടൂറിസം രംഗത്ത് നിന്നും വരുമാനം ലഭ്യമാക്കുവാനും കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ